# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1651 — 04-10-2016-ന് മറുപടിക്ക്

## ചേർത്തലയിൽ മെഗാ സീ ഫുഡ് പാർക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട് ; | (എ) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ഐ.ഡി.സി. ചേർത്തലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച മെഗാഫുഡ് പാർക്ക് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി എത്ര തുക കേന്ദ്ര / സംസ്ഥാന സർക്കാരുകൾ ചെലവഴിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) മെഗാഫുഡ് പാർക്ക് നടപ്പിലാക്കുന്നതിനായി 50 കോടി രൂപ കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽ നിന്നും ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 16 കോടി രൂപ ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. |
| (സി) ചേർത്തലയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന മെഗാ സീ ഫുഡ് പാർക്കിന് വേണ്ടി എത്ര തുകയാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചത് ; | (സി) മെഗാഫുഡ് പാർക്കിനു വേണ്ടി 50 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി അനുവദിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. ഗ്രാന്റിന്റെ ആദ്യ ഗഡുവായി 15 കോടി രൂപ ലഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന് സമർപ്പിക്കുകയും ഇതിൽ പത്തു കോടി രൂപ അനുവദി ക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഈ പദ്ധതി പ്രവർത്തനപാതയിലാക്കുന്നതിന് കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; ഈ പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | (ഡി) ഉണ്ട്. അന്തിമ അനുമതി ലഭിച്ച തീയതി മുതൽ (27.11.2015) 30 മാസത്തിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.<br><br>പദ്ധതിക്കായി 65 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി.യുടെ ചേർത്തല വ്യവസായ വളർച്ചാകേന്ദ്രത്തിൽ നീക്കി വയ്ക്കുകയും, പദ്ധതിയുടെ അടിസ്ഥാന സൗകര്യ ഘടകങ്ങളായ റോഡ്, |

ഡ്രയിനേജ്, ചുറ്റുമതിൽ, ലാൻഡ് ഡെവലപ്മെന്റ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, ലാബ്, ഓഫീസ് സമുച്ചയം എന്നിവ നിർമ്മിക്കുന്നതിനായി കരാർ നൽകുകയും, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പാർക്കിനുള്ളിലെ വൈദ്യുതി വിതരണം, ജലവിതരണം, കോമൺ എഫ്ളുവെന്റ് ആഗമന നിർഗമനകുഴൽ എന്നിവ നടപ്പിലാക്കുന്നതിനായി വിവിധ സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**(ഇ)** കേന്ദ്ര സർക്കാർ നിശ്ചയിച്ച സമയ പരിധിക്കുള്ളിൽ ഈ പദ്ധതി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

**(ഇ)** ഇതുവരെ തടസ്സങ്ങൾ ഒന്നും നേരിട്ടിട്ടില്ല

സെക്ഷൻ ഓഫീസർ